# മണി മുഴങ്ങുന്നത് നമുക്കുവേണ്ടി

**ബിജു.എസ്.ബാലൻ**

കമലഹാസന്റെ പ്രതിഭ തിളങ്ങിയ 'ഇൻഡ്യൻ' എന്ന സിനിമയിലെ ഒരു ഗാനം കുറേക്കാലം തമിഴ്നാട്ടിലും ദക്ഷിണേന്ത്യയിലും നിറഞ്ഞു നിന്നിരുന്നു. ടെലഫോൺ മണി പോൽ ചിരിക്കുന്ന കാമുകിയെക്കുറിച്ചാണ് പാട്ട് തുടങ്ങുന്നത്. ആമ്പൽപ്പൂ പോലെയും പാൽ പോലെയുമുള്ള പുഞ്ചിരികളെക്കുറിച്ചു മാത്രം കേട്ടിട്ടുള്ളവരുടെ ഭാവനയിലൊതുങ്ങാത്ത ഒന്നായിരിക്കണം ഇത്; പ്രത്യേകിച്ച് കറക്കുന്ന ഫോണിന്റെ ശബ്ദം മനസ്സിലുള്ള പണ്ടത്തെ ആളുകൾക്ക്.

60 ലക്ഷത്തോളം വരുന്ന ചെന്നൈ ജനസംഖ്യയ്ക്ക് ടെലകോം ഡിപ്പാർട്ട്മെന്റിന്റെ കുറേ നാൾ മുമ്പത്തെ കണക്കനുസരിച്ച് തന്നെ പത്തു ലക്ഷത്തിലധികം സ്വകാര്യ ഫോണുകൾ ഉണ്ട്. ഒരു മുപ്പതിനായിരം പൊതു ഫോണുകൾ വേറെ കിടക്കുന്നതുകൊണ്ടാണ് 'സ്വകാര്യ ഫോണുകൾ' എന്ന പ്രത്യേകം എടുത്തു പറഞ്ഞത്. പബ്ലിക് കാൾ ഓഫീസ് എന്ന പി.സി.ഒ.(P.C.O) യാണ് ഈ പൊതു ഫോണുടമകൾ. ഏകദേശം കണക്ക് വെച്ചു നോക്കുമ്പോൾ പത്തു ലക്ഷത്തി അമ്പതിനായിരം. അതായത് 21 ലക്ഷം പേർക്ക് ടെലഫോൺ എന്നത് ജീവിതത്തിന്റെ ഭാഗമാണ്! (ടെലഫോൺ എന്നത് മിനിമം രണ്ടു പേരുണ്ടെങ്കിലല്ലേ ഉപയോഗമുള്ളൂ.) ഒറ്റ നോട്ടത്തിൽത്തന്നെ തെറ്റായ ഈ കണക്കിനെ സാധൂകരിക്കാൻ വരുന്നത് സാക്ഷാൽ ഡിപ്പാർട്ട്മെന്റ് തന്നെയാണ്. 25 ലക്ഷം പേരോളമാണത്രേ അവരുടെ മാന്യപഭോക്താക്കൾ !

മുപ്പതിനായിരം വരുന്ന മാന്യ പി.സി.ഒ.ക്കാരാണ് ഈ കണക്കിന്റെ ഭൂരിഭാഗവും കൊടുക്കുന്നത്. എവിടെത്തിരിഞ്ഞു നോക്കിയാലും പി.സി.ഒ. എന്നത് ചെന്നൈ നഗരത്തിന് പുതുമയല്ല. 20% വെച്ചാണ് വർഷം തോറും പി.സി.ഒ.കൾ കൂടുന്നത് എന്നാണ് കണക്കുകൾ പറയുന്നത്. ഫോട്ടോസ്റ്റാറ്റും STD ബൂത്തും എന്ന കോംബിനേഷനൊപ്പം സിഗററ്റ് കടയും പി.സി.ഒ.യും എന്നൊരു കോംബിനേഷനും ചെന്നൈയിലുണ്ട്. 1999ന് മുമ്പ് ചെന്നൈ നഗരത്തിന് പി.സി.ഒ. അനുവദിക്കാൻ മാത്രമായ ഒരു കമ്മിറ്റിയുണ്ടായിരുന്നു. (PCO Allotment Committee). പക്ഷെ രാഷ്ട്രീയ സ്വാധീനമുള്ള സിഗററ്റുകടക്കാർക്കു മാത്രമേ അന്ന് ഇത് അനുവദിച്ചു കിട്ടിയിരുന്നുള്ളൂ. 1999ൽ കമ്മിറ്റി എടുത്തു കളയുകയും അതോടെ അരാഷ്ട്രീയവാദികൾക്കും പി.സി.ഒ. കിട്ടിത്തുടങ്ങുകയും മുക്കിന് മുക്കിന് രണ്ട് എന്ന നിലയിലേക്ക് ബൂത്തുകളുടെ എണ്ണം കൂടുകയും ചെയ്തു.

## ചെന്നൈ വിശേഷം

മഹാനഗരത്തിന്റെ ഒറ്റപ്പെടലിൽ പലരുടേയും കൂട്ട് ഈ കൊച്ച് ഉപകരണമാണ് ചേപ്പോക്കിലെ പ്രസിഡൻസി കോളേജിനടുത്തുള്ള ബിൽഡിംഗുകൾക്കിടയിൽ അട്ടപ്പിച്ച് പതിനഞ്ച് ബൂത്തുകളാണ്. അരമണിക്കൂർ നിന്നാലും ഫോൺ കിട്ടുമെന്ന് പ്രതീക്ഷിക്കരുത്; അവർ കഥ പറയുകയാണ്. ഫോൺ എന്ന ഘടകം പ്രേമത്തിലില്ലാത്ത കേസുകളുണ്ടോയെന്ന് അന്വേഷിച്ചു നോക്കൂ. കമലഹാസന്റെ സിനിമയിലെ പാട്ട് സൂപ്പർഹിറ്റാക്കിയതിന്റെ ക്രെഡിറ്റിൽ ചെന്നൈ മഹാനഗരത്തിലെ പി.സി.ഒ.കളുമുണ്ട്. വായിക്കുന്നവർക്കെല്ലാവർക്കും മനസ്സിലായില്ലെങ്കിലും ചെന്നൈ നഗരത്തിലെ ആണുങ്ങൾക്ക് ടെലഫോൺ മണി പോലെ ചിരിക്കുന്ന യുവതിയെ സങ്കല്പിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല.

ഇതിനിടയിൽ മൊബൈൽ ഫോൺ എന്ന സാങ്കേതികവിദ്യയും ഉണ്ട്. പക്ഷെ ബിസിനസ്സ് വൃത്തങ്ങളിലൊതുങ്ങി നിൽക്കുന്ന ഈ കൊച്ച് ഹാൻഡ്സെറ്റ് കഥ പറയാൻ ഉപയോഗിക്കുന്നവർ കുറവാണ്. എല്ലായിടത്തും കുത്തുന്ന കൂറ്റൻ പരസ്യബോർഡുകളും പത്രങ്ങളിലെയും മാസികകളിലെയും പരസ്യം കണ്ട് ചെന്നൈ മൊബൈൽ ഫോൺ പ്രളയമാണെന്ന് തെറ്റിദ്ധരിക്കുന്നവരുണ്ടായിരിക്കും. പക്ഷെ, 'വാങ്ങൂ' എന്ന പറയുന്ന പരസ്യങ്ങളാണത്. പണക്കാരുടെ കൈയിലിരിക്കുന്ന മൊബൈൽ ഫോൺ പൈസയില്ലാത്തവന്റെ കയ്യിലെത്തില്ലെന്നറിഞ്ഞിട്ടും മെട്രോ സിംബലുകളിൽ മനഃപൂർവ്വം മൊബൈൽ വാശിയെ കാണിക്കുന്നു. ഇന്ത്യാ ഗേറ്റിലെ അസ്തമയ സൂര്യന്റെ ഫോട്ടോയെടുത്ത് 'പടർന്നു നില്ക്കുന്ന ഹിന്ദുത്വം' എന്ന അടിക്കുറിപ്പ് കൊടുക്കുന്ന ആറെസ്സെസ്സുകാരന്റെ സൂത്രമറിയില്ലേ?

ഏകാന്തതയുടെ വിഷാദത്തിൽ കൂട്ടിന് ഒരു ശബ്ദമെങ്കിലുമുള്ളത് ആശ്വാസമാണ് എന്ന അവസ്ഥ അറിയുമ്പോൾ പി.സി.ഒ.കൾ ചെയ്യുന്ന സേവനം മൂല്യമുള്ളതാണെന്ന് മനസ്സിലാകുന്നു. "ഈ നിലാവിനും ഈ കുളിർക്കാറ്റിനും" അപ്പുറം ടെലഫോണിനാണ് ജീവിതത്തിൽ സ്ഥാനമെങ്കിൽ, ഇനിയും അർത്ഥവത്തായ ഒരുപമ കവികൾക്ക് വേറെയുണ്ടോ?

ഒരല്പം:- പാനസോണിക്ക് പുറത്തിറക്കിയ ഏറ്റവും പുതിയ മൊബൈൽ ഫോണിന്റെ സവിശേഷത പരസ്യത്തിൽ പറയുന്നു. സ്ലിക്ക് ആന്റ് സെക്സി. അടുത്തിടെ കേട്ട "നിന്നെ ഞാൻ മൊബൈൽ ഫോണാക്കും" എന്ന വരിയുടെ മുഴുവൻ അർത്ഥവും അപ്പോൾ മനസ്സിലായി.

കണക്കുകൾക്കും വസ്തുതകൾക്കും കടപ്പാട്:

17-2-02, Sunday Hindu, Chennai Editor PCOs bying popularity ? Report by N.Ravi Kumar.